കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബളാൽ ഗ്രാമപഞ്ചായത്ത്

## 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്

ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ: 0499-4256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി10/1023/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994256690.

തീയതി-25.09.2017

പ്രേഷകൻ

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

ഗ്രാഹകൻ

പ്രസിഡന്റ്

ബളാൽ ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന),

സർ,

വിഷയം : ബളാൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3, എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ.മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി-10/1023/2017 തിയതി :25.09.2017

# കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) ,1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 31-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം,വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 13.09.2017 മുതൽ 16.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി. | ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജെനു കുര്യാക്കോസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കുഞ്ഞികൃഷ്ണൻ.കെ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രാധാമണി.എം. | 01.04.2016മുതൽ31.03.2017വരെ |
| സെക്രട്ടറി | ശ്രീമതി.ജോസഫ്.എം.ചാക്കോ | 01.04.2016മുതൽ13.12.2016വരെ |
| | ശ്രീ.പി.മധുസൂദനൻ(അസി.സെക്രട്ടറി) | 14.12.2016മുതൽ04.01.2017വരെ |
| | ശ്രീ.എൻ.എ.ജയരാജൻ | 05.01.2017മുതൽ31.03.2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | (ഒഴിവ്) | 01-04-2016മുതൽ11-08-2016വരെ |
| | ടി.പി.വേണഗോപാൽ | 12-08-2016മുതൽ12-12-2016വരെ |
| | (ഒഴിവ്) | 13-12-2016മുതൽ31-03-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ജനോവ. | 01-04-2016മുതൽ19-09-2016വരെ |
| | ശ്രീ.രാജേഷ്.ബി. | 20-09-2016മുതൽ31-03-2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഉസൈമുത്ത്.കെ.എം. | 01-04-2016മുതൽ31-03-2017വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീ.ഡോ.സി.ഡി.ജോസ്. | 01-04-2016മുതൽ31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീ.അതുൽ.ബി.മണപ്പാടൻ | 01-04-2016മുതൽ31-03-2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മാധവി. | 01-04-2016മുതൽ 31-8-2016വരെ |
| | ശ്രീമതി.അമിത.എം.കേളപ്പൻ | 01-09-2016മുതൽ14-03-2017വരെ |
| | ശ്രീമതി.റംലത്ത്.വൈ. | 15-03-2017മുതൽ31-03-2017വരെ |
| വി.ഇ.ഒ. (ബളാൽ സർക്കിൾ) | ശ്രീ.രാജു.കെ.എസ്. | 01-04-2016മുതൽ31-03-2017വരെ |
| വി.ഇ.ഒ. (മാലോം സർക്കിൾ) | ശ്രീ.ജേക്കബ് ഉലഹന്നാൻ | 01-04-2016മുതൽ31-03-2017വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.പ്രതിഭ.ബി.പി. | 01-04-2016മുതൽ31-03-2017വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.ജയപ്രീതി ഗ്രെയ്സ്ഡെല്ല | 01-04-2016മുതൽ15-05-2016വരെ |
| | ഡോ.ഉഷ.സി. | 16-05-2016മുതൽ17-08-2016വരെ |
| | ഡോ.ഭാഗ്യശ്രീ | 18-08-2016മുതൽ19-10-2016വരെ |
| | ഡോ.സജിത്.വി.പി. | 20-10-2016മുതൽ03-02-2017വരെ |
| | ഡോ.രഞ്ചുഷ.പി. | 04-02-2017മുതൽ31-03-2017വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ, പി.എച്ച്.സി. | ഡോ.ഹൃദ്യ.ടി.എ. | 01-04-2016മുതൽ05-10-2016വരെ |
| | ഡോ.ജോയിസ് ജേക്കബ് | 06-10-2016മുതൽ19-12-2016വരെ |
| | ഡോ.ജയന്തി.എം. | 20-12-2016മുതൽ31-03-2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ | 2-1 |
| 12 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ | 2-2 |
| 13 | ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല | 2-3 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 15 | ബി.എസ്.എൻ.എൽ.സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 16 | വസ്തുനികുതി അവലോകനം സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിച്ചിട്ടില്ല. | 2-6 |

| | | |
|---|---|---|
| 17 | റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് | 2-7 |
| | ഭാഗം 3 | |
| 18 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2,34,52,089 രൂപ വിനിയോഗിക്കാൻ സാധിച്ചില്ല | 3-1 |
| 19 | സെക്രട്ടറി നിർവഹണം ചെയ്ത ഏതാനും പദ്ധതികളിലെ അപാകതകൾ | 3-2 |
| 20 | ആദായനികുതി ഈടാക്കിയില്ല. | 3-3 |
| 21 | സ്ട്രീറ്റ് ലൈറ്റ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-4 |
| 22 | പണം നൽകി ഉപയോഗിക്കേണ്ട (പേ ആന്റ് യൂസ്) ശുചിത്വ സമുച്ചയങ്ങൾ കാര്യക്ഷമമല്ല. | 3-5 |
| 23 | ആശ്രയ പദ്ധതി നടത്തിപ്പ് | 3-6 |
| 24 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല . | 3-7 |
| 25 | പി.എച്ച്.സി.യിലേക്ക് സെൽ കൗണ്ടർ (ബയോകെമിക്കൽ അനലൈസർ) വാങ്ങിയത് - നടപടിക്രമങ്ങളിൽ ന്യൂനതകൾ. | 3-8 |
| 26 | സാന്ത്വന പരിചരണ പദ്ധതി -മുൻകൂർ കൈപ്പറ്റിയ തുക ക്രമീകരിച്ചില്ല | 3-9 |
| 27 | ലാബ് റീ ഏജന്റ്സ് വാങ്ങിയത് - എൻ.എ.സി. ഹാജരാക്കിയിട്ടില്ല. | 3-10 |
| 28 | അംഗൺവാടി പൂരക പോഷകാഹാരം വിതരണം- കേന്ദ്രാവിഷ്കൃതഫണ്ട് തുക ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-11 |
| 29 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പ് -സർക്കാർ നിർണ്ണയിച്ച നിരക്കുകൾ അനുവദിക്കുന്നില്ല. | 3-12 |
| 30 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ - പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-13 |
| 31 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് -രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ | 3-14 |
| 32 | ഓട്ടോ റിക്ഷ വിതരണം അധിക നിരക്കിൽ സബ്സിഡി നൽകി. | 3-15 |

| | | |
|---|---|---|
| | | |
| 33 | പദ്ധതി പണം ആറു മാസത്തിലധികമായി സഹകരണ ബാങ്കിലെ കരന്റ് അക്കൗണ്ടിൽ -പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. | 3-16 |
| 34 | ഭവന നിർമ്മാണം -മുൻകൂർ തുക കൈപ്പറ്റി നിർമ്മാണം ആരംഭിച്ചിട്ടില്ല. | 3-17 |
| 35 | സ്പിൽ ഓവർ പ്രൊജക്ട് ന അംഗീകാരം വാങ്ങാതെ പദ്ധതി തുക ബാങ്കിൽ നിക്ഷേപിച്ച് പഴയ പ്രൊജക്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്നു | 3-18 |
| 36 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-19 |
| 37 | വി. ഇ.ഒ. (ബളാൽ സർക്കിൾ) നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ | 3-20 |
| 38 | ജലനിധി പദ്ധതി നടത്തിപ്പ് | 3-21 |
| | ഭാഗം 4 | |
| 39 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29-02-2016 ഭരണസമിതി തീരുമാനം 01/16 പ്രകാരം അംഗീകരിച്ചിട്ടുണ്ട് , ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 31,00,000 |
| വരവ് | 18,19,97,000 |
| ആകെ | 18,50,97,000 |
| ചെലവ് | 18,31,18,000 |
| നീക്കിയിരിപ്പ് | 19,79,000 |

## 1-2 വാർഷികധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 27-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 15-09-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയിഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 23,58,876 |
| വരവ് | 8,34,47,840 |
| ആകെ | 8,58,06,716 |

| | |
|---|---|
| ചെലവ് | 8,24,91,484 |
| നീക്കിയിരിപ്പ് | 33,15,232 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് *** | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,82,47,901 | 1,82,47,901 | 1,33,42,195 | 49,05,706 | 73.11% |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,16,78,316 | 1,16,78,316 | 1,16,78,316 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,10,935 | 1,10,935 | 1,10,935 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 91,97,351 | 91,97,351 | 33,81,482 | 58,15,869 | 36.76% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | | 43,76,074 | 43,76,074 | 34,08,841 | 9,67,233 | 77.89% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,63,18,123 | 1,63,18,123 | 55,84,222 | 1,07,33,901 | 34.22% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 49,21,204 | 49,21,204 | 38,91,824 | 10,29,380 | 79.08% |
| ബി ഫണ്ട് (ഡി.ബി.റ്റി. ഉൾപ്പടെ) | 0 | 3,86,76,445 | 3,86,76,445 | 3,86,76,445 | 0 | 100% |
| എം.ജി.എൻ.ആർ.ജി.എസ്. (എഫ്.റ്റി.ഒ. ഉൾപ്പടെ) | 19,563 | 2,62,53,437 | 2,62,73,000 | 2,62,57,739 | 15,261 | 99.94% |

(*** നീക്കിയിരിപ്പ് തുകകളിൽ തൊഴിലുറപ്പ് പദ്ധതി ഇനത്തിലുള്ള തുകയൊഴികെ അവശേഷിച്ച തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു. )

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം | നടപ്പാക്കിയത് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|

| ലഭിച്ചത്(എണ്ണം) | | നടപ്പാക്കിയത് | | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 221 | 130 | 10 | 81 | 58.82% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | കൃഷി ഓഫീസർ | 8 | 24,05,642 | 4 8 | 24,03,842 | 97.92% |
| 2 | വെറ്റിനറി സർജ്ജൻ | 5 | 35,45,100 | 5 | 30,26,785 | 86.23% |
| 3 | മെഡിക്കൽഓഫീസർ, അലോപ്പതി | 9 | 21,86,928 | 8 | 20,28,759 | 92.76% |
| 4 | മെഡിക്കൽഓഫീസർ, ഹോമിയോ | 1 | 1,50,000 | 1 | 1,50,000 | 100% |
| 5 | മെഡിക്കൽഓഫീസർ, ആയുർവ്വേദം | 1 | 3,00,000 | 1 | 3,00,000 | 100% |
| 6 | വി.ഇ.ഒ. | 21 | 1,66,36,350 | 18 | 1,37,01,515 | 82.35% |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 43,30,200 | 6 | 32,75,345 | 75.63% |
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 158 | 7,42,89,374 | 84 | 2,11,35,871 | 28.45% |
| 9 | ഹെഡ്മാസ്റ്റർ | 12 | 10,16,810 | 9 | 9,45,104 | 92.94% |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 0 | 0 | 0 | 0 | 0 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 0 | 0 | 0 | 0 | 0 |
| | ആകെ | 221 | 410,48,60,404 | 140 | 4,69,67,221 | 44.79% |

സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കേണ്ട പദ്ധതികൾ വി.ഇ.ഒ. യും, പൊതുമരാമത്ത് പ്രവൃത്തി ബില്ലുകൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമാണ് കൈകാര്യം ചെയ്തത്.

## 1-7 തനത് വരുമാനം.

തൻവർഷം ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 29.72% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,16,661 | 45,17,445 | (+)12,00,784 | (+) 36.20% |
| നികുതിയേതര വരവുകൾ | 9,65,806 | 10,38,105 | (-) 72,299 | (+)7.48% |
| മറ്റുള്ളവ | - | - | - | - |
| ആകെ | 42,82,467 | 55,55,550 | 12,73,083 | +)29.72% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67,440 | 41 |
| കർഷക തൊഴിലാളി പെൻഷൻ | 19,15,960 | 208 |
| വിധവാ പെൻഷൻ | 87,23,470 | 896 |
| വാർദ്ധക്യകാല പെൻഷൻ | 2,52,690 | 2,184 |
| വികലാംഗ പെൻഷൻ | 24,04,500 | 254 |
| അവിവാഹിതകളായ 50 വയസ്സിനു മേൽപ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2,52,690 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-09-2017 ന് (3.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,908 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-08-2017 | 04/2017to07/2017 | 12-08-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-04-2012 | 2007-08to2011-12 | 19-06-2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ

2016-17വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെയും അനുബന്ധ രജിസ്റ്ററുകളുടെയും, രേഖകളുടെയും പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1)2015-16 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് ക്കൂടെ കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്തിട്ടില്ല.

2)സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

3)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

5)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

7)താഴെ കൊടുത്തിട്ടുള്ള ഷെഡ്യൂളുകളിലെ സമാന ഹെഡുകളുടെ തുകകൾ തുല്ല്യമല്ല. തുല്യമാകാത്തതിന്റെ കാരണത്തിനത്തിന് വിശദമായ കുറിപ്പ് (നോട്സ് ഓൺ അക്കൗണ്ട്) തയ്യാറാക്കിയിട്ടില്ല.

| ക്രമ-നം | ഷെഡ്യൂളുകൾ | റിമാർക്സ് |
|---|---|---|
| 1 | RP-4, I-4(b) | ലൈസൻസ് ഫീ ഒഴികെ |
| 2 | RP-15, I-14 | |
| 3 | RP-16, I-14(a) | 251300801 ഒഴികെ |
| 4 | RP-20, I-14(e) | |
| 5 | RP-21, I-15(a) | |

8)ബാലൻഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ (Deposits Received) ഉൾപ്പെടുത്തിയ 1,89,204/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യാത്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് കാണിച്ചിരിക്കുന്നത്.

9)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മാസവും അതാതുസമയം തന്നെ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

10)B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെയും, B-9ൽ ഉൾപ്പെടുത്തിയ തുകകളുടെയും കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11)വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ, ബാലൻസ് ഷീറ്റിൽ ആസ്തികളിൽ B-18- ൽ 460500202 എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ട 10,32,401 (3,77,250+3,27,500+3,27,651) രൂപ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ B-18ൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12)താഴെപ്പറയുന്ന ട്രഷറി/ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷികധനകാര്യ പത്രികയിലെ (RP-40(b) Bank) നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| സീ.നം. | ട്രഷറി/ബാങ്ക്- പേര് | A.F.S. പ്രകാരം നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | മാലോത്ത്സഹകരണബാങ്ക് (തനതു് ഫണ്ട്)* | 13,884 | 13,138 |
| 2 | കാസർഗോഡ് ജില്ലാ ബാങ്ക്(92-S.G.R.Y.) | 42,938 | പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല. |

*മാലോത്ത് സഹകരണബാങ്ക് (തനതു് ഫണ്ട്) -യിലെ 31.03.2017 -ലെ ക്ലോസിംഗ് ബാലൻസ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയത് 3 മാസത്തിലധികം പഴക്കമുള്ള ചെക്ക് (746 രൂപയുടെ) മുഖേനയാണ്. 31.03.2017-ൽ വന്ന 746 രൂപ ഇതുവരെ കലക്ഷനായിട്ടുമില്ല. ആയത് പരിശോധിക്കുക.

13)വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം അയച്ചു തന്നിട്ടുള്ള ട്രയൽ ബാലൻസ് പൂർണമായും തെറ്റാണ്. മിക്കവാറും എല്ലാ ഹെഡിലും നീക്കിയിരിപ്പ് തുകയുടെ കോളത്തിൽ ഡെബിറ്റിലും ക്രഡിറ്റിലും തുകകൾ ചേർത്തതായി കാണുന്നു. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശം തന്നെ സാധിക്കാത്ത വിധത്തിലാണ് ട്രയൽ ബാലൻസ് തയ്യാറാക്കിയിട്ടുള്ളത്.

14)ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

15)അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 2-2 ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 87 | 3 | 318 | - | 408 |

ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 99% വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോാധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

<u>ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 <u>ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല</u>

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി അത് ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ മൂന്ന് വർഷത്തേക്ക് വീതം രണ്ട് തവണ സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പെർമിറ്റ് കാലയളവിനുള്ളിൽ തന്നെ

നിർമ്മാണം പൂർത്തിയാക്കുന്ന കേസിൽ, കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് നൽകുകയും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യും.

ബിൽഡിംഗ് പെർമിറ്റ് വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റ് വിതരണം ചെയ്തതിന് ശേഷമുള്ള തുടർനടപടികൾ വീക്ഷിക്കുന്നതിന് പഞ്ചായത്തിന് സംവിധാനം ഇല്ലായെന്ന് വ്യക്തമാകുന്നു. ഒരു നിർമ്മാണത്തിന് പെർമിറ്റ് നൽകിക്കഴിഞ്ഞാൽ പിന്നീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുമ്പോൾ മാത്രമാണ് ഈ ഫയലിൽ വീണ്ടും നടപടി സ്വീകരിക്കുന്നത്. പെർമിറ്റുകളുടെ കാലാവധി കഴിഞ്ഞിട്ടും കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കാത്ത നിർമ്മാണങ്ങൾ കണ്ടെത്തി, നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി കാലാവധി ദീർഘിപ്പിച്ച് പെർമിറ്റ് പുതുക്കി നൽകുന്നതിനോ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാതിരിക്കുന്നത് മൂലം പഞ്ചായത്തിന് രണ്ട് വിധത്തിൽ വരവ് നഷ്ടമുണ്ടാകുന്നു. നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ പെർമിറ്റ് പുതുക്കി നൽകുന്നതിന് ഫീസായി ഈടാക്കേണ്ട തുകയും, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ യഥാസമയം വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ട തുകയും. പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല.

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കേണ്ടതും സമയബന്ധിതമായി കംപ്ലീഷൻ പ്ലാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ-06/2017 തീയ്യതി 16-09-2017)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, | 2016-17ഒന്നും,രണ്ടും |

| | | |
|---|---|---|
| | വെള്ളരിക്കുണ്ട് | അർദ്ധവർഷം |
| 2 | ടെലിഫോൺഎക്ചേഞ്ച്, മാലോത്ത്-ബളാൽ | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | കെ.കെ.എം.ക്ലിനിക്ക്, കൊന്നക്കാട്. | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-5 ബി.എസ്.എൻ.എൽ..സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ബി.എസ്.എൻ.എൽ. സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. W.P.(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-06/2017 തീയ്യതി 16-09-2017)

## 2-6 വസ്തുനികുതി അവലോകനം സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനായും പ്രാവർത്തികമായിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 10,208 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 7,872 വീടുകളും, 1,593ഷോപ്പുകളും, 105വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും, 82ഓഫീസ് കെട്ടിടങ്ങളും,98വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും, 15 മൊബൈൽ ടവറുകളും, 27 ഓഡിറ്റോറിയങ്ങളും, 109ആരാധനാലയങ്ങളും, 21ആശുപത്രികളും,9 റിസോർട്ടുകളും, 13കാർഷികാവശ്യ ത്തിനുള്ള കെട്ടിടങ്ങളും നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 273കെട്ടിടങ്ങളും ഉൾപ്പെടുന്നു. കൂടുതൽ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വസ്തു നികുതി നിർണ്ണയം : പൊതുവായ അപാകതകൾ

1)ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനായും പ്രാവർത്തികമായിട്ടില്ല. സഞ്ചയയിൽ 2013-14 സാമ്പത്തിക വർഷം മുതൽ നടത്തിയിട്ടുള്ള ഡാറ്റാ എൻട്രിയിൽ അതുവരെ കുടിശ്ശികയുള്ള വസ്തുനികുതി സംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പുനർ നിർണ്ണയിച്ചപ്പോൾ 14.01.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ച.മീറ്റർ കണക്കാക്കി പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് മൂലമുള്ള നികുതി വ്യതിയാനം കുടിശ്ശിക ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഈ കാലയളവിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച കെട്ടിടങ്ങൾക്ക് 25% അധികം നികുതി വർദ്ധിച്ചതായും കാണുന്നു. സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സാംഖ്യ പ്രകാരമുള്ള കണക്കുമായി

പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സഞ്ചയ പ്രകാരമുള്ള തുക (അരിയറടക്കം) | സാംഖ്യ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | വസ്തുനികുതി ഡിമാന്റ് | 50,35,190 | 49,38,189 |
| 2 | വസ്തുനികുതി കളക്ഷൻ | 30,52,088 | 28,79,187 |
| 3 | വസ്തുനികുതി ബാലൻസ് | 19,83,102 | 20,59,002 |

വസ്തുനികുതിയിനത്തിൻ ഭീമമായ തുക കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് നൽകിയ മറിപടിയിൽ സ.ഉ.(എം.എസ്.) 144/2015/ത.സ്വ.ഭ.വ. തീയതി 27.04.15, സ.ഉ.(എം.എസ്.) 358/2015/ത.സ്വ.ഭ.വ. തീയതി 16.12.15 പ്രകാരവും വസ്തുനികുതി പരിഷ്കരണം/ പുനക്രമീകരണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ ഡേറ്റാബേസിലുള്ള എൻട്രികൾ വീണ്ടും ഓരോന്നായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു എങ്കിലും പഞ്ചായത്തിൽ ഈ പ്രവർത്തികൾ നടപ്പിൽ വരുത്തിയിട്ടില്ലായിരുന്നു എന്നും ഡേറ്റാബേസിലുള്ള എൻട്രികൾ നിലവിൽ ചെയ്തുവരുന്നതിനാലാണ് ഭീമമായ തുക വസ്തുനികുതിയിനത്തിൻ കുടിശ്ശിക വരുവാൻ കാരണമായത് എന്നും മറുപടി നല്കുകയുണ്ടായി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാബേസിൽ മാറ്റങ്ങൾ വരുത്തിക്കോണ്ടിരിക്കുന്ന സാഹചര്യത്തിൽ വസ്തുനികുതിയുടെ ഡിമാന്റെ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2)185ച.മീറ്ററിന് മുകളിലും അതിന് താഴെയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയതായും അല്ലാത്തവയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും സഞ്ചയ സോഫ്റ്റ്വെറിൽ രേഖപ്പെടുത്തുന്നത് അപേക്ഷകൻ നല്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ മുൻ വർഷങ്ങളിലെ അസസ്മെന്റ് കൃത്യമല്ലാത്തതിനാൽ മാറ്റം വരുത്തിയ കെട്ടിടങ്ങളാണോ എന്നത് പരിശോധിക്കാൻ രേഖകളില്ല.

3)2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ1-5526/11 തീയ്യതി 24.10.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 60 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 40 രൂപയുമാണ് നിരക്ക്. എന്നാൽ 2016 ഡിസംബർ വരെ ഒരേ ഉടമസ്ഥന്റെ

പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള, 100 ച.മീ. കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും ഓരോ മുറിക്കും 100 ച.മീ. താഴെയുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വസ്തുനികുതി കണക്കാക്കി നൽകുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഇ- പേമെന്റ് ഇനീഷ്യേറ്റ് ചെയ്ത സാഹചര്യത്തിൽ വസ്തുനികുതി പരിഷ്കരണത്തിനു ശേഷമുള്ള മുഴുവൻ വാണിജ്യകെട്ടിടങ്ങളുടെയും നികുതി പുനപ്പരിശോധിക്കേണ്ടതും ഇതേ രീതിയിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ടെങ്കിൽ ഡിമാന്റിൽ വ്യത്യാസം വരുത്തി തുടർ നഷ്ടം ഒഴിവാക്കേണ്ടതുമാണ്. ഒരു ഉദാഹരണം താഴെ കൊടുക്കുന്നു

ഉടമസ്ഥന്റെ പേര് -കെ.ജെ.വർക്കി & പ്രിൻസ് വർക്കി,
പ്ലാച്ചിക്കര, വെള്ളരിക്കുണ്ട്.

കെട്ടിട നമ്പർ -- വാർഡ് നമ്പർ 14, 459A മുതൽ 459 U വരെ

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| BF(CELLAR) | 363.62m2 | 13.07.2014 |
| GF | 363.62m2 | 13.07.2014 |
| FF | 363.58m2 | 25.05.2015 |
| SF | 363.58m2 | 25.05.2015 |
| Total | 1,454.4m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | നികുതികുറവ് വന്ന വർഷം | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | | |
| BF-363.58m2 | -- | -- | -- | -- | 363.58x60= 21,815 | 20% = 4,303 | -- | 26,118 | 2014-15, 15-16 | 2x26,118=52,236 |
| GF-363.58m2 | 363.58x40= 14,543 | 20% = 2,909 | -- | 17,452 | 363.58x60= 21,815 | 20% = 4,303 | -- | 26,118 | 2014-15, 15-16 | 2x8,666= 17,332 |
| FF-363.62m2 | 363.62x 40= 14,545 | 20%= 2,909 | 5%= 873 | 16,581 | 363.62x60= 21,817 | 20%= 4,363 | 5%= 1,309 | 24,871 | 2015-16 | 8,290 |
| SF-363.62m2 | -- | -- | -- | -- | 363.62x60= 21,817 | 20%= 4,363 | 10%= 2,618 | 23,562 | 2015-16 | 23,562 |
| ആകെ | | | | | | | | | | 1,01,390 |

4)ഗ്രാമപഞ്ചായത്തിൽ ഇ-പേയ്മെന്റ് ആക്ടിവേറ്റ് ചെയ്തിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി നികുതി അടവാക്കുന്നതിന് ജനങ്ങൾ വിമുഖത കാണിക്കുന്നു. പ്രത്യേക യൂസർ നെയിം, പാസ്സ് വേർഡ് എന്നിവ ഉണ്ടാക്കേണ്ടതുള്ളതിനാൽ ഇതിന് ജനങ്ങൾ തയ്യാറാകുന്നില്ല എന്ന് കാണുന്നു. ഇന്ന് വരെ ഇ-പേയ്മെന്റ് ഇനത്തിൽ വരവ് വന്നിട്ടില്ല.

5)സ.ഉ. (എം.എസ്.) നം. 144/15/ ത.സ്വ.ഭ.വ. തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്സ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 ൽ മേൽ സൂചിപ്പിച്ച പ്രകാരം അപേക്ഷകർ സമർപ്പിച്ച സത്യവാങ്മൂലം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 273 കെട്ടിടങ്ങൾക്കാണ് സഞ്ചയ പ്രകാരം ഈ വർഷം നികുതിയിളവ് അനുവദിച്ചിട്ടുള്ളത്.

6)വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ--വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന വീടുകളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച് 02.07.2013 ലെ ജി.ഒ.(എം.എസ്.) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. എന്നാൽ 2016-17 ൽ അനുവദിച്ച അപേക്ഷകളിൽ മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

7)വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ, വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ തുടങ്ങിയവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഏതാനും ഫയലുകൾ പരിശോധിച്ചതിൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 3 മേഖലകളായിതിരിച്ച് മേഖല, വഴിസൗകര്യം, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ ഇളവുകളും, വഴിസൗകര്യം, തറനിർമ്മിതി, കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതി നിർണ്ണയിക്കുന്നത്. 5 മീറ്ററിലധികം വീതിയുള്ള റോഡുള്ളവയ്ക്ക് 20%, മേൽത്തരം വസ്തുക്കൾക്കൊണ്ട് തറനിർമ്മിച്ചതും 250 ച.മീറ്ററിലധികം വിസ്തൃതിയുള്ളതുമായ കെട്ടിടങ്ങൾക്ക് 15% ,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനമുള്ളവയ്ക്ക് 10% അടിസ്ഥാനനികുതിയിൽ വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല. പ്രത്യേകിച്ച് നികുതിവർദ്ധനവിന് പരിഗണിക്കേണ്ട കാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴിസൗകര്യമുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വീതി, ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം, എയർകണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ 2016-17 വർഷത്തെ ഫയലിൽ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ആയത് പരിഹരിക്കേണ്ടതാണ്.

8)സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല-1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല.

9)സ.ഉ.(എം.എസ്.) നം.358/15ത.സ്വ.ഭ.വ. പ്രകാരം വസ്തുനികുതി പരിഷ്കരണ/പുനക്രമീകരണ നടപടികൾ 2015 ഡിസംബർ 31ന് മുമ്പ് എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി

നിർദ്ദേശം നാളിതുവരെയും പാലിക്കാത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പരിഷ്കരണം/ പുനക്രമീകരണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവടെ കൃത്യത ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്

A)റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി- എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി നൽകിയതിലെ അപാകതകൾ

1)ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി- എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് മാനേജരുടെ 23.01.2017 ലെ അപേക്ഷ പരിഗണിച്ചാണ് ആകെ 1.400 കിലോമീറ്റർ നീളത്തിൽ ഗ്രാമപഞ്ചായത്തിനകത്ത് കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയത്. ഈ പെർമിറ്റ് അനുവദിച്ചതിന് ഫീസ് ഇനത്തിൽ ആകെ 1,12,700/- രൂപ രശീത് നം-117010400001/27.07.2017 പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. ഈ പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് ദേശീയപാത വിഭാഗം, തിരുവനന്തപുരം, സർക്കുലർ നം.എൻ.എച്ച്.5.ഡി.10-1842/85(ബി), തിയ്യതി.10.10.2012 കാണുക)

1)Restoration charges കണക്കാക്കിയതിൽ കുറവ്.

(A)സാധാരണ പ്രതലങ്ങളിൽ കേബിൾ കുഴിക്കുന്നത് Restoration width എന്നാൽ Trench width ന്റെ 1.5 മടങ്ങ് ആയിരിക്കണമെന്ന് മേൽ സൂചിപ്പിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട അസി.എഞ്ചിനീയർ പരിശോധനാ റിപ്പേർട്ടിൽസൂചിപ്പിച്ച Trench width ആയ 0.50 m ന്റെ Restoration width എന്നാൽ 0.50x1.5 = 0.75 m ആണ്.

ആയതിനാൽ

( i) Restoration area =1,400x0.75 = 1,050sqm

Restoration charges = 1,050x161/sqm = 1,69,050/-

ഗ്രാമ പഞ്ചായത്ത് കണക്കാക്കിയത് താഴെപ്പറയും പ്രകാരമാണ്

Restoration area = 1,400x0.50 = 700sqm -- say 700m2

Restoration charges = 700x161/sqm = 1,12,700/-

Restoration charges ഈടാക്കിയതിൽ കുറവ് = 1,69,050/ – 1,12,700/ = 56,350/-

2)റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി- എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിൽ നിന്നും Rights Of Way(ROW) പെർമിഷൻ എടുത്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)കേരള സംസ്ഥാന ഇൻഫർമേഷൻ & ടെക്ക്നോളജി വകുപ്പ് ഡയറക്ടർക്ക് One Time Contribution ആയി

കിലോ മീറ്ററിന് 75,000/- രൂപ പ്രകാരം ആകെ 1,05,000/- (1.400x 75,000) രൂപ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)കുഴി എടുക്കുന്ന നീളത്തിന് ആനുപാതികമായി Security Deposit ആയി കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിന് ഹാജരാക്കിയ ബാങ്ക് ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 10 /02.09.2017).

B)ഐഡിയ സെല്ലുലാർ ലിമിറ്റഡ് എന്ന ടെലികോം കമ്പനിക്ക് കേബിൾ കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയതിലെ അപാകതകൾ

1)ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ഐഡിയ സെല്ലുലാർ ലിമിറ്റഡ്, എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 12/16 തീയ്യതി. 05.12.2016 തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഐഡിയ സെല്ലുലാർ ലിമിറ്റഡ് ജനറൽ മാനേജരുടെ 09.11.2016 ലെ അപേക്ഷ പരിഗണിച്ചാണ് ആകെ 0.400 കിലോമീറ്റർ നീളത്തിൽ ഗ്രാമപഞ്ചായത്തിനകത്ത് കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയത്. ഈ പെർമിറ്റ് അനുവദിച്ചതിന് ഫീസ് ഇനത്തിൽ ആകെ 32,200/- രൂപ രശീത് നം.11601400014/13.01.17 പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. ഈ പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് ദേശീയപാത വിഭാഗം, തിരുവനന്തപുരം, സർക്കുലർ നം.എൻ.എച്ച്.5.ഡി.10-1842/85(ബി), തിയ്യതി.10.10.2012 കാണുക)

1)ഐഡിയ സെല്ലുലാർ ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ പൂർണ്ണമല്ല. അപേക്ഷയിൽ ആകെ 0.4 കിലോമീറ്റർ കുഴിക്കുന്നതിന് അനുമതി നൽകണം എന്ന മാത്രമാണ് രേഖപ്പെടുത്തിയത്, കുഴിയുടെ വീതി, ആഴം എന്നിവ സൂചിപ്പിച്ചിട്ടില്ല.

2)Restoration charges കണക്കാക്കിയതിൽ കുറവ്.

(A)സാധാരണ പ്രതലങ്ങളിൽ കേബിൾ കുഴിക്കുന്നത് Restoration width എന്നാൽ Trench width ന്റെ 1.5 മടങ്ങ് ആയിരിക്കണമെന്ന് മേൽ സൂചിപ്പിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട അസി.എഞ്ചിനീയർ പരിശോധനാ റിപ്പോർട്ടിൽസൂചിപ്പിച്ച Trench width ആയ 0.50 m ന്റെ Restoration width എന്നാൽ 0.50x1.5 = 0.75 m ആണ്.

ആയതിനാൽ

( i) Restoration area =400x0.75 = 300sqm

Restoration charges = 300x161/sqm = 48,300/-

ഗ്രാമ പഞ്ചായത്ത് കണക്കാക്കിയത് താഴെപ്പറയും പ്രകാരമാണ്

Restoration area = 400x.50 = 200sqm say 200m2 Restoration charges = 200x161/sqm = 32,200/-

Restoration charges ഈടാക്കിയതിൽ കുറവ് = 16,100(48,300-32,200)

3)ഐഡിയ സെല്ലുലാർ ലിമിറ്റഡ് എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിൽ നിന്നും Rights Of Way(ROW) പെർമിഷൻ എടുത്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)കേരള സംസ്ഥാന ഇൻഫർമേഷൻ & ടെക്ക്നോളജി വകുപ്പ് ഡയറക്ടർക്ക് One Time Contribution ആയി കിലോ മീറ്ററിന് 75,000/- രൂപ പ്രകാരം ആകെ 30,000/- രൂപ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ്

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5)കുഴി എടുക്കുന്ന നീളത്തിന് ആനുപാതികമായി Security Deposit ആയി കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിന് ഹാജരാക്കിയ ബാങ്ക് ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.9 /16.09.2017).

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2,34,52,089 രൂപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 6,48,49,904 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 4,13,97,815 രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 2,34,52,089 രൂപ വിനിയോഗിക്കാൻ സാധിച്ചില്ല. വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 36.16% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത്. (പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ഈ റിപ്പാർട്ടിലെ ഖണ്ഡിക 1-5ൽ ചേർത്തിട്ടുണ്ട്). 2016-17 സാമ്പത്തിക വർഷം ആകെ 221 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 130 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ 18.82% മാത്രമാണ് നടപ്പിലാക്കിയത്.

| ഫണ്ടിനം | തൻവർഷവരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,82,47,901 | 1,33,42,195 | 49,05,706 |
| വികസനഫണ്ട് എസ്.സി.പി. | 1,16,78,316 | 1,16,78,316 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 1,10,935 | 1,10,935 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 91,97,351 | 33,81,482 | 58,15,869 |
| പെർഫോമൻസ് ഗ്രാന്റ് (K.L.G.S.D.P.) | 43,76,074 | 34,08,841 | 9,67,233 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,63,18,123 | 55,84,222 | 1,07,33,901 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 49,21,204 | 38,91,824 | 10,29,380 |

| | | | |
|---|---|---|---|
| ആകെ | 6,48,49,904 | 4,13,97,815 | 2,34,52,089 |

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയ ബന്ധിതമായി രൂപീകരിച്ച് ഭരണ സമിതിയും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-2 സെക്രട്ടറി നിർവഹണം ചെയ്ത ഏതാനും പദ്ധതികളിലെ അപാകതകൾ

2016-17 വർഷത്തിൽ സെക്രട്ടറി നിർവഹണം ചെയ്ത ഏതാനും പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക-1 ൽ ചേർക്കുന്നു.

പട്ടിക-1

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബിൽനം | പഞ്ചായത്ത് കമ്മിറ്റി തീരുമാനം | ഫണ്ട് |
|---|---|---|---|---|---|---|
| 1 | 267 | പഞ്ചായത്ത്ഓഫീസിൽ യു.പി.എസ് സ്ഥാപിക്കൽ | 5,75,000 | 59/16-17 , തി.23.03.17 | തീരുമാനം -06 ; തിയതി -06.03.17 | വികസന ഫണ്ട്(ജനറൽ) |
| 2 | 268 | അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ | 76,950 | 53/16-17, തി.15.03.17 | തീരുമാനം-07, തിയതി- 06.03.17 | വികസന ഫണ്ട്(ജനറൽ) |
| 3 | 283 | കനകപ്പള്ളി - പുന്നക്കുന്ന് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (സാമഗ്രികളുടെ വിതരണം) | 3,27,500 | 62/16-17 , തി.29.03.17 | തീരുമാനം-08 തിയതി – 06.03.17 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 4 | 284 | നാട്ടക്കൽ - കൊന്നക്കാട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (സാമഗ്രികളുടെ വിതരണം) | 3,27,651 | 61/16-17 , തി.29.03.17 | തീരുമാനം –09- തിയതി- 06.03.17 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 5 | 165 | പഞ്ചായത്ത് ഓഫീസിന് ഹൈസ്പീഡ് സ്കാനർ | 30,000 | 29/16-17 , തി.16.02.17 | തീരുമാനം 49(2) തി.05/12/16 | വികസന ഫണ്ട്(ജനറൽ) |

| | | | | | | |
|---|---|---|---|---|---|---|
| 6 | 285 | പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും | 65,000<br>(40,749<br>+<br>24,251) | 70/16-17 , തി.31.0317, ചെക്ക് നം. -28940/31.03.17 (₹ 24,251) | ..... | വികസന ഫണ്ട്(ജനറൽ) , തനത് ഫണ്ട് (₹ 24,251) |
| ആകെ | | | 14,02,101 | | | |

ഈ പദ്ധതികളുമായി ബന്ധപ്പെട്ട വിവിധ സാമഗ്രികൾ വിതരണം ചെയ്തത് ശ്രീ.മനീഷ്.വി. (M/s. റിലയബിൾ കമ്പ്യൂട്ടർ സെയിൽസ് & സർവ്വീസ്, രാജാസ് ഹൈസ്കൂളിന് സമീപം, നീലേശ്വരം) എന്ന വ്യക്തിയാണ്. ഇദ്ദേഹത്തിന്റെ TIN – 32130612731 ആണ്. വാണിജ്യ നികുതി വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (VAT) പ്രകാരം ഇദ്ദേഹത്തിന്, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും(Computer & Accessories) വിൽക്കുന്നതിനു മാത്രമാണ് അനുമതിയുള്ളത് (ലൈസൻസ്). കൂടാതെ മാർച്ച് 2017 ൽ നടത്തിയ ഇടപാടുകളെ സംബന്ധിച്ച റിട്ടേണുകൾ, വാണിജ്യ നികുതി വകുപ്പിൽ സമർപ്പിക്കുകയോ, 2017-18 ൽ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ലായെന്നാണ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും അറിയുവാൻ കഴിഞ്ഞത്. 2016-17 വർഷത്തിൽ, നികുതി "കോമ്പൗണ്ട്" ചെയ്തതായും (Pressumptive assesement) കാണുന്നില്ല.

<u>I).പദ്ധതി നിർവഹണത്തിലെ പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.</u>

1). വിതരണക്കാരന്റെ യോഗ്യതകളെക്കുറിച്ച് (വിതരണത്തിന് അനുവാദമുള്ള സാമഗ്രികളെ സംബന്ധിച്ച്) വേണ്ടവിധം അന്വേഷിക്കാതെയാണ്, പഞ്ചായത്ത് കമ്മറ്റിയും , നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയും വിതരണക്കാരനെ നിശ്ചയിച്ചത്.

2). വിതരണക്കാരന്, ബിൽ പ്രകാരം, മൂല്യ വർദ്ധിത നികുതി (V.A.T.) ഉൾപ്പടെയുള്ള തുക അനുവദിച്ചതിനാൽ, നികുതി കൃത്യമായി അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയില്ല.

3). സ്ട്രീറ്റ് ലൈറ്റ് സാമഗ്രികളുടെ വിതരണവുമായി ബന്ധപ്പെട്ട സമാന പദ്ധതികളിൽ,വളരെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകളാണ് സമീപത്തുള്ള പഞ്ചായത്തുകളിലും ജില്ലയിലെ മറ്റ് പഞ്ചായത്തുകളിലും അംഗീകരിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ നടപടികൾ സംബന്ധിച്ച് വേണ്ടത്ര പ്രചാരണം ലഭിച്ചില്ലായെന്ന് കാണാവുന്നതാണ്.

വിവിധ പഞ്ചായത്തുകളിൽ 2016-17ലെ സ്ട്രീറ്റ് ലൈറ്റ് സാമഗ്രികളുടെ വിതരണവുമായി ബന്ധപ്പെട്ട വില വിവരങ്ങൾ പട്ടിക-2 ൽ ഉൾപ്പെടുത്തുന്നു.

പട്ടിക-2

| ക്രമ നം. | പഞ്ചായത്ത്, പദ്ധതി വർഷം | വിതരണക്കാർ | ഒരു സെറ്റിന്റെ വില | | പവർ | വാറന്റി |
|---|---|---|---|---|---|---|
| | | | മാനുവൽ | ഓട്ടോമാറ്റിക് | | |
| 1 | കള്ളാർ, 2016-17 | EmbedTechLabs (S.K. International) | 3,190 | ..... | 25 W | 2years |
| 2 | പനത്തടി ,2015-16 (സ്പിൽ ഓവർ) | KREWS | | | | |
| 3 | കോടോം-ബേളൂർ , | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2016-17 | | | | | | |
| 4 | ചെറുവത്തൂർ, 2016-17 | ALUMINA Lighting Solutions | 1,790 | .... | 18 W | 2years |
| 5 * | കോടോം-ബേളൂർ, 2016-17 സ്പിൽ ഓവർ | | | | | |
| 6 * | അജാനൂർ, 2017-18 | KREWS | 2,283 | 2,853 | 12 W | |

* ക്രമ നം- 5,6 എന്നിവ 2017-18 വർഷത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

# ഓട്ടോമാറ്റിക് ലൈറ്റുകൾ പെട്ടെന്ന് തകരാറിലാകുന്നതിനാൽ, മാനവലായിട്ടുള്ളവയാണ് പ്രധാനമായും വാങ്ങിയിട്ടുള്ളത്.

II).പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട മറ്റപാകതകൾ ചുവടെ ചേർക്കുന്നു.

1. കനകപ്പള്ളി-കൊന്നക്കാട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് തുക കൈമാറൽ (പദ്ധതി നം.-282/17)

ബിൽ നം : 69/16-17 ,തിയതി -31.03.2017 ,തുക : ₹ 3,77,250/-

തെരഞ്ഞെടുത്ത 100സ്ഥലങ്ങളിൽ (points)സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുക, വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കുക, ഫിറ്റിങ് / സൂപ്പർ വിഷൻ ചാർജ്ജ് എന്നീ പ്രവർത്തികൾക്കായാണ് തുക കൈമാറിയത്.

എ) കെ.എസ്.ഇ.ബി. അധികാരികൾ നൽകിയ, പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ് പരിശോധനക്ക് നൽകിയില്ല.

ബി) നിലവിലെ എസ്റ്റിമേറ്റ് തുകക്ക് പ്രവൃത്തി പൂർത്തിയാക്കുമെന്ന് സൂചിപ്പിച്ചു കൊണ്ട് കെ.എസ്.ഇ.ബി. യുമായി ഒപ്പുവച്ച ഉടമ്പടി
ലഭ്യമാക്കിയില്ല.

സി) സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലങ്ങളുടെ പട്ടികയും, ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മറ്റി
തീരുമാനവും ലഭ്യമാക്കിയില്ല.

ഡി) കെ.എസ്.ഇ.ബി.ക്ക് തുക നൽകിയതിന്റെയോ/ കിട്ടിയതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.

ഇ) പദ്ധതിയുടെ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2. കനകപ്പള്ളി - പുന്നക്കുന്ന് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പദ്ധതി നം.-283/17) &നാട്ടക്കൽ - കൊന്നക്കാട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പദ്ധതി നം.- 284/17)

രണ്ട് പദ്ധതികളിലും 50 വീതം എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ബിൽ നം: 62/16-17,തിയതി - 29.03.2017, തുക : ₹ 3,27,500/- &

ബിൽ നം: 61/16-17,തിയതി - 29.03.2017, തുക : ₹ 3,27,651/-

എ) വിതരണക്കാരനായ ശ്രീ.മനീഷ്.വി. (M/s, റിലയബിൾ കമ്പ്യൂട്ടർ സെയിൽസ് & സർവ്വീസ്, രാജാസ് ഹൈസ്കൂളിന് സമീപം,
നീലേശ്വരം) ക്ക്, സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള ലൈസൻസില്ല.

ബി) എൽ.ഇ.ഡി. ലൈറ്റിന്റെ ഗുണമേന്മ പരിശോധന റിപ്പോർട്ട് കാലാവധി കഴിഞ്ഞതാണ്.

i)ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ (പി.ഡബ്ല്യു.ഡി) നൽകിയ സാക്ഷ്യപത്രത്തിന് 31.01.2017 വരെ മാത്രമേ
കാലാവധിയുള്ളൂ.

ii)കോളേജ് ഓഫ് എഞ്ചിനീയറിങ്, തിരുവനന്തപുരം നൽകിയ സർട്ടിഫിക്കറ്റ് 07.08.2015 ൽ ഉള്ളതാണ്.

സി) പദ്ധതി നം.283/17(കനകപ്പള്ളി - പുന്നക്കുന്ന് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ) പ്രകാരം എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റിന്റെ ഒരു
യൂണിറ്റിന്റെ വില, ₹6,550/- രൂപയും, പദ്ധതി നം- 284/17 (നാട്ടക്കൽ - കൊന്നക്കാട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ) ഒരു
യൂണിറ്റിന്റെ വില, ₹6,553.02/- രൂപയുമെന്നാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ വിതരണക്കാരൻ

നൽകിയ ബില്ലുകൾ (ഇൻവോയ്സ് നം-33/24.03.17 ,₹3,30,000/- ,ഇൻവോയ്സ് നം-34/24.03.17₹3,30,000/-)
പ്രകാരം ഒരു യൂണിറ്റിന് ₹ 6,600/- നൽകിയിട്ടുള്ളത്. അതായത് വകയിരുത്തിയതിലും കൂടിയ നിരക്ക് അനുവദിച്ചു.

ഡി) പദ്ധതി നം.- 282/17 (കനകപ്പള്ളി-കൊന്നക്കാട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് തുക കൈമാറൽ ) ഫിറ്റിങ് /സൂപ്പർ വിഷൻ ചാർജ്ജ് വകയിരുത്തിയിട്ടുണ്ട്. എന്നാൽ വീണ്ടും പദ്ധതി നം- 283/17(കനകപ്പള്ളി -പുന്നക്കുന്ന്
സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ)ലും ഈയിനത്തിൽ (ഇൻസ്റ്റലേഷൻ ചാർജ്ജ്) തുക വകയിരുത്തിയിട്ടുണ്ട്. ഒരേ ആവശ്യത്തിന്
രണ്ട് പദ്ധതികളിൽ, തുക വകയിരുത്തിയത് അംഗീകരിക്കാവുന്നതല്ല.

ഇ) എൽ.ഇ.ഡി. ലൈറ്റിന്റെ ഒരു യൂണിറ്റിന് ₹ 6,600/- വില നൽകിയിട്ടുള്ളത്. ജില്ലയിലെ മറ്റ് പഞ്ചായത്തുകളിൽ ഇതിലും വളരെ
കുറഞ്ഞ നിരക്കിലാണ് സമാന പദ്ധതികൾ നിർവഹിച്ചിരിക്കുന്നത്.

എഫ് ) ഈ രണ്ട് പദ്ധതികൾ വഴി, 100 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, 90 സ്ട്രീറ്റ് ലൈറ്റുകളെ
സ്ഥാപിച്ചിട്ടുള്ളൂവെന്നാണ് , കെ.എസ്.ഇ.ബി. ഭീമനടി സെക്ഷനിലെ അസി.എഞ്ചിനീയറുടെ 13.07.17 ലെ കത്തിൽ
സൂചിപ്പിച്ചിട്ടുള്ളത്. അവശേഷിക്കുന്നവയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

ജി) ശ്രീ.മനീഷ് സമർപ്പിച്ച കൈപ്പറ്റ് രസീതുകൾ പ്രകാരം രണ്ട് പദ്ധതികൾക്കുമായി ,283/17& 284/17 എന്നിവക്ക് ആകെ ₹ 6,60,000/- (2x3,30,000)ലഭിച്ചിട്ടുണ്ട്. എന്നാൽ ബില്ലുകൾ പ്രകാരം ₹ 6,55,151/-പിൻവലിച്ചിട്ടുള്ളത്. ഇതിന്
വിശദീകരണം ലഭ്യമാക്കിയില്ല. ശ്രീ.മനീഷിന് 2016-17 വർഷത്തിലെ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്,
പഞ്ചായത്തിൽ നിന്നും അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

III). <u>പഞ്ചായത്ത് ഓഫീസിൽ യു.പി.എസ്. സ്ഥാപിക്കൽ (പദ്ധതിനം-267/17), അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ (പദ്ധതി നം-268/17),പഞ്ചായത്ത് ഓഫീസിന് ഹൈസ്പീഡ് സ്കാനർ</u>

(പദ്ധതി നം-165/17) & പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും (പദ്ധതി നം-285/17)

ബിൽ നം : 59/16-17,തിയതി -23.03.2017, തുക :₹ 5,75,000/-

ബിൽ നം : 53/16-17,തിയതി -15.03.2017, തുക :₹ 76,950/-

ബിൽ നം : 29/16-17,തിയതി -16.02.2017, തുക :₹ 30,000/- &

ബിൽ നം : 70/16-17,തിയതി -31.03.2017, തുക :₹ 40,749/-

ചെക്ക് നം. 28940/31.03.17, തുക :₹ 24,251/-

എ) മൂല്യ വർദ്ധിത നികുതി (V.A.T.) അടച്ചതിന്റെ വിശദാംശങ്ങളില്ല.

ബി) വിതരണക്കാരനായ ശ്രീ.മനീഷ്.വി. (M/s റിലയബിൾ കമ്പ്യൂട്ടർ സെയിൽസ് &സർവ്വീസ്, രാജാസ് ഹൈസ്കൂളിന് സമീപം,
നീലേശ്വരം) ക്ക്, Photocopier, Scanner, UPS & Battery എന്നിവ വിതരണം ചെയ്യുന്നതിനുള്ള ലൈസൻസില്ല.

സി) UPS & Battery എന്നിവ സ്ഥാപിച്ചത്, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം-12,13,തിയതി.
22.09.17) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് കൃത്യമായ വിശദീകരണം നൽകുന്നതിനും, പരാമർശിച്ച രേഖകളും മറ്റും ഹാജരാക്കുന്നതിനും വിധേയമായി ₹ 14,02,101/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ആദായനികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ വിവിധ പദ്ധതി, പദ്ധതിയേതര ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ നോട്ടീസുകൾ അപേക്ഷ ഫോറങ്ങൾ, കരട് /അന്തിമ പദ്ധതി രേഖകൾ തുടങ്ങിയവ അച്ചടിച്ച് നൽകിയതിന് ശ്രീ.റിങ്കു മാത്യു (M/s, മലബാർ ഗ്രാഫിക്സ്,വെള്ളരിക്കുണ്ട്) വിന് ₹2,25,226/- നൽകിയിട്ടുണ്ട്. എന്നാൽ ഇദ്ദേഹത്തിൽ നിന്നും ആദായനികുതി ഈടാക്കാതെ മുഴുവൻ തുകയും അനുവദിക്കുകയാണുണ്ടായത്. ആദായനികുതി നിയമം, വകുപ്പ് 194 സി.പ്രകാരം, ഒരു സാമ്പത്തിക വർഷം ₹75,000/- അധികരിക്കുന്ന കരാറുകൾ ഏറ്റെടുത്തിട്ടുള്ളവരിൽ നിന്നും, 1% ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടക്കേണ്ടതാണ്. വിവിധ വൗച്ചറുകൾ പ്രകാരം ശ്രീ.റിങ്കു മാത്യുവിന് പഞ്ചായത്തിൽ നിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം,തിയതി | തുക (₹) |
|---|---|---|
| 1 | 40/16.04.16 | 9,470/- |
| 2 | 41/16.04.16 | 16,145/- |
| 3 | 157/27.06.16 | 24,640/- |
| 4 | 596/30.11.16 | 16,180/- |
| 5 | 592/30.11.16 | 10,850/- |
| 6 | 593/30.11.16 | 29,050/- |
| 7 | 594/30.11.16 | 35,775/- |
| 8 | 597/30.11.16 | 5,230/- |
| 9 | 769/11.02.17 | 12,500/- |

| | | |
|---|---|---|
| 10 | 1044/29.03.17 | 45,356/- |
| 11 | 1048/29.03.17 | 20,030/- |
| ആകെ | | 2,25,226/- |

ആദായനികുതിയിനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ₹2,252/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ, ശ്രീ.റിങ്കു മാത്യുവിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-4 സ്ട്രീറ്റ് ലൈറ്റ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല

സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം ശരാശരി ₹ 16,588/- കെ.എസ്.ഇ.ബി. യിൽ അടക്കുന്നുണ്ട്. ഇതിൽ രാജപുരം സെക്ഷനിൽ ₹ 70/- രൂപയും, ഭീമനടി സെക്ഷനിൽ ₹ 16,518/- അടച്ചു വരുന്നതായി കാണുന്നത്. കഴിഞ്ഞ നാല് വർഷത്തിനിടെ, പഞ്ചായത്തും കെ.എസ്.ഇ.ബി. യും ചേർന്ന് നടത്തേണ്ട, സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നാണ് അറിയുവാൻ കഴിഞ്ഞത്. കണക്ടഡ് ലോഡ് സംബന്ധിച്ച വിശദാംശങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. ഇക്കാര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.12, തിയതി - 22.09.17) മറുപടി നൽകുകയുണ്ടായില്ല. നിലവിൽ പഞ്ചായത്ത് പ്രദേശത്തുള്ള സ്ട്രീറ്റ് ലൈറ്റുകൾ C.F.L./L.E.D.കളാണ്. ഇത് വൈദ്യുതി ഉപഭോഗ നിരക്ക് വളരെ കുറച്ചിട്ടുണ്ട്. ആതിനാൽ എത്രയും വേഗം സംയുക്ത പരിശോധന നടത്തി, വൈദ്യുത ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-5 പണം നൽകി ഉപയോഗിക്കേണ്ട (പേ ആന്റ് യൂസ്) ശുചിത്വ സമുച്ചയങ്ങൾ കാര്യക്ഷമമല്ല

ജലനിധി പദ്ധതിയുടെ കീഴിൽ, ശുചിത്വ സംരംഭങ്ങളുടെ നിർവഹണത്തിൽ ഉൾപ്പെടുത്തി, പഞ്ചായത്തിലെ നാല് സ്ഥലങ്ങളിൽ (ബളാൽ,വെള്ളരിക്കുണ്ട്,മാലോം, കൊന്നക്കാട്) ശുചിത്വ സമുച്ചയങ്ങൾ (ടോയ് ലറ്റ് കം കംഫർട്ട് സ്റ്റേഷൻ) സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇവയുടെ നടത്തിപ്പിനോ, പരിപാലനത്തിനോ വേണ്ട സംവിധാനങ്ങളില്ല. ഈ സ്ഥലങ്ങളിൽ മറ്റ് പൊതു ശൗചാലയങ്ങൾ ഒന്നുമില്ല. താലൂക്ക് ആസ്ഥാനമെന്ന നിലയിലും, മറ്റ് പൊതു / സ്വകാര്യ ഓഫീസുകളും സ്ഥാപനങ്ങളും ഉള്ളതിനാലും, വെള്ളരിക്കുണ്ടിൽ ഇത് കൃത്യമായി പരിപാലിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിനായി സന്നദ്ധ സംഘടനകളുടെ സഹകരണമോ, വെള്ളരിക്കുണ്ട് ടൗൺ ശുചീകരണം നടത്തുന്നയാളുടെയോ സേവനമോ ഉപയോഗപ്പെടുത്തി, ശുചിത്വ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി നടത്തിപ്പ്

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയതും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ അശരണരായ അഗതികളെ കണ്ടെത്തി, പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ട് നടപ്പിലാക്കുന്നതാണ് അഗതി-ആശ്രയ പദ്ധതി. പദ്ധതിയുടെ രണ്ടാം ഘട്ടമാണ് ഇപ്പോൾ ബളാൽ ഗ്രാമ പഞ്ചായത്തിൽ നടന്നു വരുന്നത്.

ഒന്നാം ഘട്ടം ആരംഭിക്കുന്നത് 2007 ലാണ്. ഒന്നാം ഘട്ടത്തിൽ 48 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്.തുടർന്ന് 2010 കാലയളവിൽ നടത്തിയ റീവിസിറ്റിൽ 41 ഗുണഭോക്താക്കളായി ചുരുങ്ങുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ ജനറൽ വിഭാഗത്തിൽ 90 പേരാണ് ഉള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടേയുള്ളൂ.

വിവിധ ഏജൻസികളിൽ/സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ ലഭിച്ച ചലഞ്ച് ഫണ്ട്, അടിസ്ഥാന

സൗകര്യങ്ങൾ/ ജീവനോപാധിക്കായുള്ള ഫണ്ട് എന്നിവയുടെ വരവ് - ചെലവ് വിശദാംശങ്ങൾ (2007 മുതൽ 2016-17 വരെ) ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഏജൻസി | ഫണ്ട്/ഉദ്ദേശ്യം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കുടുംബശ്രീ മിഷൻ | ചലഞ്ച് ഫണ്ട്-ഒന്നാം ഘട്ടം | 10,00,000 | 11,78,207 | 7,71,793<br>(A/c No: 2744 @ മാലോത്ത് സഹകരണ ബാങ്ക്, ബളാൽ ബ്രാഞ്ച്.) |
| 2 | കുടുംബശ്രീ മിഷൻ | ചലഞ്ച് ഫണ്ട്-രണ്ടാം ഘട്ടം (ജനറൽ) | 5,00,000 | | |
| 3 | കുടുംബശ്രീ മിഷൻ | കമ്പ്യൂട്ടർ - അനുബന്ധ ചെലവുകൾ | 2,00,000 | | |
| 4 | ജില്ലാ / ഗ്രാമ പഞ്ചാ യത്ത് | അടിസ്ഥാന സൗകര്യമൊരുക്കൽ / ജീവനോപാധി | 2,50,000 | | |
| ആകെ | | | 19,50,000 | | |
| 5 | ഗ്രാമ പഞ്ചാ യത്ത് | അടിസ്ഥാന സൗകര്യമൊരുക്കൽ / ജീവനോപാധി | 29,71,000 | 29,15,794 | 1,05,206<br>(A/c No: 87(i) @ മാലോത്ത് സഹകരണ ബാങ്ക്, ബളാൽ ബ്രാഞ്ച്.) |
| 6 | ബ്ലോക്ക് പഞ്ചാ യത്ത് | അടിസ്ഥാന സൗകര്യമൊരുക്കൽ / ജീവനോപാധി | 50,000 | | |
| ആകെ | | | 30,21,000 | | |

രണ്ടാം ഘട്ടത്തിലെ, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ പദ്ധതിക്ക് അംഗീകാരം എത്രയും വേഗം ലഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതിനായി ബന്ധപ്പെട്ട സി.ഡി.എസ്.ന്റെയും, ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു.

## 3-7 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തിരജിസ്റ്ററിലെ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ നം.-58608/ഡി.ബി.2/09) നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ

രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എസ്.എസ്.ജി.ഡി, എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കുന്നെങ്കിലും (പഴയ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുക്കൾ റീസർവ്വെ നടപടികൾക്ക് ശേഷം ലഭ്യമാക്കിയ പട്ടികയുമായി ഒത്തുനോക്കിയിട്ടില്ല) ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടമ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ.1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.

2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ,ഇതിന്റെ പൂർത്തീകരണത്തിന് സെക്രട്ടറി, ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്, എസ്.എസ്.ജി.ഡി. അസി,എൻജിനിയർ, എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016 ലെ 223/LOBE/I.K.M./2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല.മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ് സ.ഉ.(സാധാ)നം.2904/16 തീ.19.10.2016 ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-8 <u>പി.എച്ച്.സി.യിലേക്ക് സെൽ കൗണ്ടർ (ബയോകെമിക്കൽ അനലൈസർ) വാങ്ങിയത് - നടപടിക്രമങ്ങളിൽ ന്യൂനതകൾ</u>

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊജക്ട് നം. 271/17 പ്രകാരം 3,18,459 ചെലവഴിച്ച് (ബിൽ.നം 2. തി.30-03-2017) സെൽ കൗണ്ടർ (ബയോ കെമിക്കൽ അനലൈസർ) എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ഉപകരണം വാങ്ങുന്നതിനുള്ള സ്പെസിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരോ ഉദ്യോഗപ്പേരോ ഓഫീസ് സീലോ പ്രസ്തുത കത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ഉപകരണം വാങ്ങിയ ശേഷം ആയത് നിർദ്ദിഷ്ട സ്പെസിഫിക്കേഷനിൽ ഉള്ളതാണെന്ന് സംബന്ധിച്ച് ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥരുടെ പരിശോധന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)ചുവടെ ചേർത്തപ്രകാരം മൂന്ന് സ്ഥാപനങ്ങളാണ് ടെണ്ടർ നൽകിയത്

| മോഡൽ | സർജിടെക് പെരുമ്പ പയ്യന്നൂർ | ഗ്ലോബൽ ലാബ് സിസ്റ്റം ,കണ്ണൂർ | കെമിക്കോ ഡയഗ്നോസ്റ്റിക്സ് പിലിക്കോട്, കാലിക്കടവ് |
|---|---|---|---|
| BC3000 plus Agape | 3,60,000 | - | - |

| | | | |
|---|---|---|---|
| Abacus 3CT Diatrone USA | - | 2,78,460 | - |
| Erma PCE210 Erma INC Japan | - | - | 3,35,000 |

എന്നാൽ ടെണ്ടർ അംഗീകരിക്കുന്നതിന് മുമ്പ് ലഭിച്ച ടെണ്ടറുകളും മോഡൽ വിശദാംശങ്ങളും സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. കെമിക്കോ ഡയഗ്നോസ്റ്റിക്സ് കാലിക്കടവ് എന്ന സ്ഥാപനം നൽകിയ ടെണ്ടർ പ്രകാരമുള്ള ഉപകരണം കൂടുതൽ കാര്യക്ഷമതയുള്ളതിനാൽ പ്രസ്തുത സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി ഉപകരണത്തിന്റെ വില കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ഗ്ലോബൽ ലാബ് സിസ്റ്റത്തിന്റെ നിരക്കിലേക്ക് ക്രമീകരിക്കുകയും ആയതിന് പകരമായി 39,795 രൂപയുടെ ലാബ് റീ ഏജന്റ്സ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുകയുമാണുണ്ടായത് എന്ന് അധികൃതർ സൂചിപ്പിക്കുകയുണ്ടായി. 3,35,000 രൂപ ക്വാട്ട് ചെയ്യപ്പെട്ട ഉപകരണത്തിന്റെ നിരക്ക് 2,78,459 രൂപയിലേയ്ക്ക് (ഏകദേശം 56,540 രൂപ കുറവ്) കുറച്ചതിലൂടെ ലഭ്യമാക്കിയ ഉപകരണത്തിന്റെ ഗുണനിലവാരം കുറഞ്ഞിട്ടുണ്ടോയെന്നത് സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തേണ്ടിയിരിക്കുന്നു. ആയതിനാൽ മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന മൂന്ന് കമ്പനികളുടെ ഉപകരണങ്ങളുടേയും, (ആശുപത്രിയിൽ സ്ഥാപിക്കപ്പെട്ടതുൾപ്പടെ) സ്പെസിഫിക്കേഷൻ, സാങ്കേതികവശങ്ങൾ എന്നിവ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ ബയോ മെഡിക്കൽ എഞ്ചിനിയറിങ്ങ് വിഭാഗത്തെക്കോണ്ട് പരിശോധിപ്പിച്ച് വിവിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4)നിലവിൽ സർക്കാർ ഏജൻസിയായ K.M.S.C.L, ഇത്തരം ഉപകരണങ്ങൾ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ വിതരണം ചെയ്ത് വരുന്നുണ്ട്. K.M.S.C.L. ൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് പ്രസ്തുത മൂന്ന് മോഡൽ ഉപകരണങ്ങളും K.M.S.C.L. റേറ്റ് കോൺട്രാക്ട് നിരക്കുമായി താരതമ്യപ്പെടുത്തി ഇതു സംബന്ധിച്ച പട്ടിക ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5) നെഗോഷിയേഷൻ പ്രകാരമുള്ള നിരക്ക് അംഗീകരിച്ചുകൊണ്ട് കെമികോ ഡയഗ്നോസ്റ്റിക്സ് നൽകിയ കത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ മറ്റ് രണ്ട് സ്ഥാപനങ്ങളുമായി നെഗോഷിയേഷൻ നടത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ മേൽ പദ്ധതിയ്ക്കായി നടത്തിയ 3,18,459 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 സാന്ത്വന പരിചരണ പദ്ധതി -മുൻകൂർ കൈപ്പറ്റിയ തുക ക്രമീകരിച്ചില്ല

പ്രൊജക്ട് നം. 99/17 പ്രകാരം പെയിൻ & പാലിയേറ്റീവ് പദ്ധതി നടത്തിപ്പിനായി വികസനഫണ്ടിൽ നിന്നും 6,67,522 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 04/16 മുതൽ 03/17 വരെയുള്ള പാലിയേറ്റീവ് കെയർ നേഴ്സിന്റെ ശമ്പളയിനത്തിൽ 1,20,000 രൂപ അനുവദിച്ചിട്ടുമുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതിന് മുമ്പ് 04/16 മുതൽ 6/16 വരെയുള്ള വേതനമിനത്തിൽ 30,000 രൂപ ചെക്ക് നമ്പർ.068402/09-08-2016 പ്രകാരം മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിരുന്നു. എന്നാൽ പദ്ധതിപ്രകാരം ട്രഷറിയിൽ നിന്നും തുക പിൻവലിച്ചപ്പോൾ മേൽപ്രകാരം അഡ്വാൻസായി നൽകിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ നൽകുകയുണ്ടായില്ല. ഇക്കാര്യം പരിശോധിച്ച് നേഴ്സിന്റെ വേതനമിനത്തിൽ മുൻകൂറായി അനുവദിച്ച തുക എത്രയും വേഗം ഗ്രാമ പഞ്ചായത്തിന് തിരികെ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ലാബ് റീ ഏജന്റ്സ് വാങ്ങിയത് - എൻ..എ.സി. ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം 197/17 പ്രകാരം 1 ലക്ഷം രൂപ (ബിൽ.നം.5,തി:30-03-2017) ചെലവഴിച്ച് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ലാബ് റീ ഏജന്റ്സ് വാങ്ങിയിട്ടുണ്ട് . എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യമേഖലയിൽ മരുന്നുകളും ബന്ധപ്പെട്ട സാമഗ്രികളും വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് മേൽ പദ്ധതിപ്രകാരം വാങ്ങിയ ലാബ് റീ ഏജന്റുകൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ പരാമർശിത കാലയളവിൽ ലഭ്യമല്ലായിരുന്നുവെങ്കിൽ ഇതു സംബന്ധിച്ച സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അതുപോലെ തന്നെ മറ്റ് വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള എൻ.എ.സി.ക്ക് പകരം K.M.S.C.L, ജില്ലാ മെഡിക്കൽ ഡിപ്പോയിൽ നിന്നുമുള്ള എൻ.എ.സി.യാണ് ഫയലിൽ സൂക്ഷിക്കുന്നത്. K.M.S.C.L, ജില്ലാ മെഡിക്കൽ ഡിപ്പോയിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ എൻ.എ.സി. നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത സർട്ടിഫിക്കറ്റിൽ, ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരോ ഉദ്യോഗപ്പേരോ സൂചിപ്പിച്ചിട്ടുമില്ല. ഇക്കാര്യം പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-11 അംഗൺവാടി പൂരക പോഷകാഹാരം വിതരണം- കേന്ദ്രാവിഷ്കൃതഫണ്ട് തുക ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൺവാടികളിൽ പ്രോജക്ട് നമ്പർ: S.O.142/17 പ്രകാരം പൂരക പോഷകാഹാരം വിതരണം ചെയ്യുന്നതിനുവേണ്ടി 22,35,357/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| തുക | വിഭവ സ്രോതസ്സുകൾ |
|---|---|
| 9,00,000 | വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം |
| 9,84,169 | വികസന ഫണ്ട് ( എസ്.സി.പി. ) |
| 3,51,188 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| ആകെ= 22,35,357 | |

കേന്ദ്രാവിഷ്കൃത ഫണ്ട് തുകയുടെ ( 3,51,188) ചെലവ് വിവരം

| ബിൽ നമ്പർ | ചെക്ക് നമ്പർ / തീയ്യതി | തുക |
|---|---|---|
| 128/16-17 | 1005517/ 24-06-2016 | 2,79,060 |
| 221/16-17 | 1003525/ 22-08-2016 | 72,128 |
| ആകെ | | 3,51,188 |

കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും മേൽ ബില്ലുകൾ പ്രകാരം അംഗൺവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനുവേണ്ടി 3,51,188/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ടി തുകയ്ക്കുള്ള ചെലവുകൾ നടത്തിയതിന്റെ ചെലവ് രേഖകളും, ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുവേണ്ടി ഓഡിറ്റ് അന്വേഷണം 7/17 തീയ്യതി 16-09-2017 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിക്കുകയുണ്ടായി അതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖയുടെ അഭാവത്താൽ 3,51,188/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി

നമ്പർ-07/2017 തീയ്യതി 16-09-2017)

## 3-12 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പ് -സർക്കാർ നിർണ്ണയിച്ച നിരക്കുകൾ അനുവദിക്കുന്നില്ല.

പ്രോജക്ട് നം:146/17, ബിൽ നം.6/16-17 തീയതി: 20.02.2017 ₹1,12,700/-(വികസനഫണ്ട്), നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

11.01.2016ലെ ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനുപുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1,250 | 1,000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1,500 | 1,500 |
| 6 | വൊക്കേഷനൽ പരിശീലനം | 1,000 | 1,500 | 1,500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ-നം. | ഇനം | സ്കോളർഷിപ്പ്/ബത്ത(രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000 |

| | | |
|---|---|---|
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1,400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1,000 |

ഡേ സ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18,200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19,200 രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക. അംഗീകരിച്ച പദ്ധതി പ്രകാരം വകയിരുത്തിയ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പടെ ഗുണഭോക്താക്കൾക്ക് അനുവദിച്ചത് സംബന്ധിച്ച് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിന്റെയടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടേയും അർഹതപ്പെട്ട തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെഎണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്തതുക | വ്യത്യാസം |
|---|---|---|---|---|
| 1-4 | 4 | [(400x12)+500]x4=21,200 | [2250x4]= 9,000 | 12,200 |
| 5-8 | 8 | [(500x12)+600]x8 =52,800 | [2800x8]= 22,400 | 30,400 |
| 9,10,+1,+2 | 7 | [(600x12)+800]x7 =56,000 | [3,400x07]=23,800 | 32,200 |
| ആകെ | 19 | 1,30,000 | 55,200 | 74,800 |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 10 | (10x18,200)= 1,82,000 | (10x5,750) = 57,500 | 1,24,500 | ഉല്ലാസയാത്ര/പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവനുസരിച്ചുള്ള നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത എന്നീയിനങ്ങളിലായി തൻവർഷം ആകെ തൻവർഷം ആകെ 1,99,300 (74,800+1,24,500) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെയും, ബ്ലോക്ക് പഞ്ചായത്തിന്റെയും വിഹിതം ലഭ്യമാക്കി, സർക്കാർ മാനദണ്ഡപ്രകാരമുള്ള നിശ്ചിത നിരക്കിൽ തന്നെ വരും വർഷങ്ങളിൽ സ്കോളർഷിപ്പ് തുക നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-07/2017 തീയ്യതി. 16-09-2017)

## 3-13 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 29 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം, ദീപ്തി അമ്മം ഫുഡ് യൂണിറ്റ്, ബാനം എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 8,625/- കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 5,71,550/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-07/2017 തീയ്യതി 16-09-2017)

## 3-14 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് -രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധകളുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു. ന്യൂനതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുവാനും ഭാവിയിൽ ഇവ ആവർത്തിക്കാതിരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രൊജക്ട് വിശദാംശം | ട്രഷറി ബിൽ നം | തുക |
|---|---|---|
| പ്രൊജക്ട് നം. 291/17 കിഴങ്ങ് വർഗ്ഗ വിള വികസനം | 6/30-03-2017 | 4,10,042 |
| പ്രൊജക്ട് നം. 292/17 -ടി- പട്ടികവർഗ്ഗം | 7/30-03-2017 | 2,32,400 |
| പ്രൊജക്ട് നം. 59/17 വാഴ കൃഷി വികസനം | 3/14-02-2017 | 8,00,000 |
| പ്രൊജക്ട് നം. 198/17- ടി- പട്ടികവർഗ്ഗം | 10/31-03-2017 | 22,500 |

1) പ്രൊജക്ട് നം. 291/17 പ്രകാരം 4,10,042 രൂപയും, 292/17 പ്രകാരം 2,32,400രൂപയും, കിഴങ്ങ് വർഗ്ഗ വിള വികസന പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ നൽകുന്നതിനായും, പ്രൊജക്ട് നം. 59/17 പ്രകാരം 8 ലക്ഷം രൂപ വാഴ കൃഷി വികസന പദ്ധതിപ്രകാരം വാഴക്കന്ന്, വളം എന്നിവയ്ക്കായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ കൃഷി ചെയ്തത് ഉറപ്പാക്കുന്നതിനായി പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള കൃഷി ഓഫീസറുടെ പരിശോധന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2)പ്രൊജക്ട് നം. 59/17 പ്രകാരം 8 ലക്ഷം രൂപ ചെലവഴിച്ചതിൽ 6,08,000 രൂപയും ജൈവവളം ഉപയോഗിച്ചതിനുള്ള സബ്സിഡിയായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിയ തുകയാണ്. അപേക്ഷകളോടൊപ്പമുള്ള വൗച്ചറുകളിൽ ജൈവവളത്തിന് ചെലവായ രൂപയുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവ്, നിരക്ക്, ഇനം, എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അതു പോലെ കൃഷി വകുപ്പ് ജില്ലാ തലത്തിൽ നിർണ്ണയിച്ച ജൈവവളത്തിന്റെ യൂണിറ്റ് നിരക്ക് സംബന്ധിച്ച ഉത്തരവുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)പ്രൊജക്ട് നം. 198/17 പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള വാഴ കൃഷി വികസന പദ്ധതി പ്രകാരം വാഴക്കന്ന് വാങ്ങിയതിന് V.F.P.C.K. യ്ക്ക് നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച 5,400 രൂപ നാളിതുവരെ പിൻവലിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിന്

നൽകിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ തുക സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

4)ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 3-15 ഓട്ടോ റിക്ഷ വിതരണം അധിക നിരക്കിൽ സബ്സിഡി നൽകി

പ്രോജക്ട് - വനിതകൾക്ക് ഓട്ടോറിക്ഷ (പൊതുവിഭാഗം)

പ്രോജക്ട് നമ്പർ - 190/17,അടങ്കൽ 1,50,000/ രൂപ

ബിൽ നമ്പർ - 35/29-03-17

നിർവ്വഹണ ഉദ്യോഗസ്ഥൻ- ശ്രീ. രാജു .കെ.എസ്, വി.ഇ.ഒ.

വനിതകൾക്ക് ഓട്ടോറിക്ഷ പദ്ധതി പ്രകാരം ഓട്ടോറിക്ഷ വാങ്ങിക്കുന്നതിന് ബാക്ക് എൻഡ് സബ്സിഡിയായി 50,000/- രൂപ വീതം ഷൈലജ.പി, രാജി , ശ്രീലത മധു- എന്നീ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് (ആകെ 1,50,000രൂപ). തുക ബജാജ് ഫിനാൻസ് ലിമിറ്റഡ്,ചേരനല്ലൂർ, എടപ്പള്ളി കൊച്ചി എന്ന സ്ഥാപനത്തിന് നൽകുകയാണ് ചെയ്തത്. പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് ഈയിനത്തിൽ പരമാവധി നൽകാവുന്ന തുക 40,000/- രൂപയാണ് (ആകെ1,40,000രൂപ). ആയതിനാൽ അധികം നൽകിയ 30,000/- രൂപ (1,50,000-1,40,000=30,000 ) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓട്ടോറിക്ഷ വാങ്ങിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അർഹതാ മാനദണ്ഡങ്ങളിൽ പ്രധാനമായ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വ മിഷനിലോ പേർ രജിസ്റ്റർ ചെയ്തവർ ആകണം ഗുണഭോക്താക്കൾ എന്ന നിബന്ധന പാലിച്ചതായുള്ള രേഖകൾ വരുമാനം തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 3-16 പദ്ധതി പണം ആറു മാസത്തിലധികമായി സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ സ്ഥിതി ചെയ്യുന്നു-പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ശ്രീ. രാജു .കെ.എസ്, വി.ഇ.ഒ.

വാദ്യകലാ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം (പ്രോജക്ട് നമ്പർ.207/17)

പന്ത്രണ്ട് വാദ്യകലാസംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ വാങ്ങിക്കുന്നതിന് മാലോത്ത് സർവീസ് സഹകരണ ബാങ്കിൽ 12,00,000 രൂപ കറന്റ് അക്കൌണ്ട് നമ്പർ15016100140002ൽ 31-03-17ന് നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രോജക്ട് നടപ്പായിട്ടില്ല. പദ്ധതിയുടെ തുടർ നടപടികൾ സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ നടപടിക്രമം പൂർത്തിയാക്കാതെ ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് സഹകരണ ബാങ്കിൽ നിക്ഷേപിച്ച നടപടി ജി.ഒ.(പി).നം.177/2006 ധനം.തി.12-04-2006 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്ലാൻ ഫണ്ട് ആറു മാസത്തിലധികമായി വിനിയോഗിക്കപ്പെടാതെ സഹകരണ ബാങ്കിൽ നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തുക ടി.എസ്.സി. ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ് നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി പിൻവലിച്ച 12,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 ഭവന നിർമ്മാണം -മുൻകൂർ തുക കൈപ്പറ്റി നിർമ്മാണം ആരംഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ശ്രീ. രാജു .കെ.എസ്, വി.ഇ.ഒ.

ഭവന നിർമ്മാണം പഞ്ചായത്ത് (ജനറൽ) പ്രോജക്റ്റ് നമ്പർ 94/17 പ്രകാരം, ശ്രീമതി പ്രസീത എന്നയാൾക്ക് 25,000 രൂപ (ചെക്ക്നമ്പർ 209765/28-01-16 ) മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. മേൽ തുക ടിയാരിയിൽ നിന്നും തിരിച്ച്പിടിക്കാൻ നടപടിയെടുക്കേണ്ടതാണ്.നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതു വരെ 25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 സ്പിൽ ഓവർ പ്രൊജക്ട് ഉണ്ടാക്കാതെ പദ്ധതി തുക ബാങ്കിൽ നിക്ഷേപിച്ച് പഴയ പ്രൊജക്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്നു

സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി രണ്ട് പ്രോജക്ടുകൾ 2016-17 വർഷത്തിലും നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ ഈ പ്രോജക്ടുകൾ 2014-15, 2015-16 വർഷങ്ങളിലെ പ്രോജക്ടുകളുടെ തുടർച്ചയായി തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ തയ്യാറാക്കാതെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇത് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ സംഗതിയാണ്. പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

എ)പ്രോജക്റ്റ്- സമ്പൂർണ്ണ ശുചിത്വ യജ്ഞം (ജനറൽ), പ്രോജക്റ്റ് നമ്പർ- 161/14-15,144/15-16

അടങ്കൽ - 15,96,000 വികസന ഫണ്ട് (പട്ടിക വർഗ്ഗം)

നിർവ്വഹണോദ്യോഗസ്ഥൻ- ജേക്കബ് ഉലഹന്നാൻ, വി.ഇ.ഒ, മാലോം സർക്കിൾ

സമ്പൂർണ്ണ ശുചിത്വ യജ്ഞം (ജനറൽ) പ്രോജക്റ്റ് പ്രകാരം 132 ഗുണഭോക്താക്കൾക്ക് സാനിറ്ററി കക്കൂസ് നൽകുവാനാണ്പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ആയതിലേക്കായി അനുവദിക്കപ്പെട്ട തുക

വി.ഇ.ഒ യുടെ പേരിൽ എസ്.ബി.ടി. വെള്ളരിക്കുണ്ട് ബ്രാഞ്ചിൽ നിലവിലുള്ള അക്കൌണ്ടിൽ വരവു വന്നതിന്റെ വിവരം ചുവടെ കൊടുക്കുന്നു.(അക്കൌണ്ട് നമ്പർ - 67325406427 )

| തീയ്യതി | തുക |
|---|---|
| 27-06-15 | 7,92,000 |
| 04-01-16 | 7,92,000 |
| ആകെ | 15,84,000 |

31-03-17 വരെ 115 ഗുണഭോക്താക്കൾക്ക് 12,000രൂപ വീതം 13,80,000 രൂപയും, ഒരു ഗുണഭോക്താവിന് 6,000 രൂപ മുൻകൂറായി നൽകിയതുൾപ്പെടെ ആകെ 13,86,000രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവു തുക കഴിച്ച് ഈയിനത്തിൽ അക്കൌണ്ടിൽ 1,98,000 രൂപ (15,84,000 –13,86,000 ) ബാലൻസുണ്ട്.

ബി) പ്രോജക്റ്റ്- സമ്പൂർണ്ണ ശുചിത്വ യജ്ഞം (എസ്.ടി), പ്രോജക്റ്റ് നമ്പർ- 164/14-15,145/15-16

അടങ്കൽ - 24,00,000 വികസന ഫണ്ട് (പട്ടിക ജാതി)

നിർവ്വഹണോദ്യോഗസ്ഥൻ- ജേക്കബ് ഉലഹന്നാൻ, വി.ഇ.ഒ, മാലോം സർക്കിൾ

സമ്പൂർണ്ണ ശുചിത്വ യജ്ഞം (എസ്.ടി.) പ്രോജക്റ്റ് പ്രകാരം 199 ഗുണഭോക്താക്കൾക്ക് സാനിറ്ററി കക്കൂസ് നൽകുവാനാണ്പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ആയതിലേക്കായി അനുവദിക്കപ്പെട്ട തുക

വി.ഇ.ഒ. യുടെ പേരിൽ എസ്.ബി.ടി. വെള്ളരിക്കുണ്ട് ബ്രാഞ്ചിൽ നിലവിലുള്ള അക്കൌണ്ടിൽ വരവു വന്നതിന്റെ വിവരം ചുവടെ കൊടുക്കുന്നു.(അക്കൌണ്ട് നമ്പർ - 67325406427 )

| തീയ്യതി | തുക |
|---|---|
| 18-06-15 | 11,76,000 |
| 04-01-16 | 11,76,000 |
| ആകെ | 23,52,000 |

12-07-17 വരെ 129 ഗുണഭോക്താക്കൾക്ക് 12,000രൂപ വീതം 15,48,000 രൂപയും 12 ഗുണഭോക്താക്കൾക്ക് 6,000 രൂപ വീതം ആകെ 72,000 രൂപ മുൻകൂറായി നൽകിയതുൾപ്പെടെ ആകെ 16,20,000രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവു തുക കഴിച്ച് ഈയിനത്തിൽ അക്കൌണ്ടിൽ 7,32,000 രൂപ ( 23,52,000–16,20,000 ) ബാലൻസുണ്ട്.

മേൽ പ്രോജക്ടുകളിൽ ബാക്കിവന്ന തുക ടി.എസ്.സി ഫണ്ടിലേക്കും, പലിശ തനതു ഫണ്ടിലേക്കും ഒടുക്കേണ്ടതാണ്. നിലവിൽ ജലനിധി പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഒ.ഡി.എഫ്. പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ വി.ഇ.ഒ. ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 3-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- രാജു. വി.ഇ.ഒ.

തൻവർഷം ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി വിവിധ പ്രൊജക്ടുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ.29,10,000രൂപ പരപ്പ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം, ടാർജറ്റ് നിശ്ചയിച്ചു കൊണ്ടുള്ള ഉത്തരവ്, പദ്ധതിപ്രകാരം വീട് നിർമ്മാണമാരംഭിച്ച ഗുണഭോക്താക്കളുടെ പേര്, വിലാസം, നാളിതുവരെ ആകെ കൈപ്പറ്റിയ തുക, വീടിന്റെ നിലവിലെ സ്ഥിതി, എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുക |
|---|---|---|
| 203/2017 | ഐ.എ.വൈ. ഭവനപദ്ധതി (ജനറൽ) പഞ്ചായത്ത് വിഹിതം) | 40,000 |
| 206/2017 | ഐ.എ.വൈ.ഭവനപദ്ധതി 2016-17,ബ്ലോക്ക് വിഹിതം | 2,60,000 |
| 210/17 | ഐ.എ.വൈ.ഭവനപദ്ധതി 2015-16,ബ്ലോക്ക് വിഹിതം | 12,35,000 |
| 263/17 | ഐ.എ.വൈ. ഭവനപദ്ധതി 2015-16, ബ്ലോക്ക് പഞ്ചായത്തിന് അധിക വിഹിതം നൽകൽ (എസ്.സി.) | 1,00,000 |
| 264/2017 | ഐ.എ.വൈ. ഭവനപദ്ധതി 2015-16, പഞ്ചായത്തിന് അധിക വിഹിതം നൽകൽ (എസ്.ടി.) | 12,75,000 |

| | | |
|---|---|---|
| | ആകെ | 29,10,000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടിയെടുക്കേണ്ടതാണ്.

## 3-20 വി.ഇ.ഒ. (ബ്ലാൽ സർക്കിൾ) നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ

1)ട്രഷറി ബില്ലിനൊപ്പം ഗുണഭോക്തൃ പട്ടിക സൂക്ഷിക്കുന്നില്ല

2016-17 വർഷം വിവിധ പദ്ധതികൾക്കായി ട്രഷറിയിൽ നിന്നും 1,25,01,515 പിൻവലിക്കുക യുണ്ടായി. എന്നാൽ ചില ട്രഷറി ബിൽ പകർപ്പിനൊപ്പം ഓരോ ബില്ല് പ്രകാരമുള്ള തുകയും ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് നൽകേണ്ടത് എന്ന് സൂചിപ്പിക്കുന്ന ഗുണഭോക്തൃ പട്ടിക സൂക്ഷിച്ചിട്ടില്ല . ഉദാഹരണം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| വൌച്ചർ നമ്പർ, തീയ്യതി | തുക |
|---|---|
| 2/28-09-16 | 11,25,000 |
| 4/18-10-16 | 2,25,000 |
| 7/29-11-16 | 75,000 |

നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന ചെക്ക് ഇഷ്യൂ രജിസ്റ്റർ, വിവിധ പദ്ധതികളുടെ സ്കീം രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ യുക്തമനുസരിച്ച് വിവിധ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതായി കാണുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് ഐ.കെ.എം. ചെലവ് പത്രിക പ്രകാരം വിവിധ വ്യക്തിഗത പ്രൊജക്ടുകൾക്കുള്ള ചെലവായി കാണിച്ചിരിക്കുന്ന തുകകൾ ഏതൊക്കെ ഗുണഭോക്താക്കൾക്കായാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്..

2) നോൺ ബാങ്കിങ്ങ് ട്രഷറി ബാങ്കിങ്ങ് ട്രഷറിയായി മാറിയിട്ടും നിർവ്വഹണ ഉദ്യോഗസ്ഥൻ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

ജി.ഒ.(പി).നം.177/2006 ധനം.തി.12.04.2006 പ്രകാരം നോൺ ബാങ്കിംഗ് ട്രഷറി മുഖേന ഇടപാടുകൾ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ നിക്ഷേപിച്ച് ഡി.ഡി. എടുക്കുന്നതിനായി ദേശസത്കൃതബാങ്കുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പ്രത്യേകബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കേണ്ടിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. പ്രത്യേകബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് ധന ഇടപാടുകൾ നടത്തി വന്നിരുന്നത്. എന്നാൽ 2015-16 വർഷത്തോടുകൂടി ഗ്രാമ പഞ്ചായത്ത് ധന ഇടപാടുകൾ നടത്തി വന്നിരുന്ന വെള്ളരിക്കുണ്ട് സബ് ട്രഷറി ബാങ്കിംഗ് ട്രഷറിയായി മാറുകയുണ്ടായി. എന്നാൽ വി.ഇ.ഒ. നിലവിലുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടുകൾ മുഖേന ധന ഇടപാടുകൾ ഇപ്പോഴും തുടരുന്നതായി കണ്ടു (എസ്.ബി,ഐ. കരന്റ് അക്കൌണ്ട് നമ്പർ 33406777095.) നോൺ ബാങ്കിംഗ് ട്രഷറിയായിരുന്ന വെള്ളരിക്കുണ്ട് സബ് ട്രഷറി ബാങ്കിംഗ് ട്രഷറിയായി മാറ്റിയ സാഹചര്യത്തിൽ നിലവിൽ ഉപയോഗിച്ച് വരുന്ന ബാങ്ക് അക്കൗണ്ടുകൾ ആവശ്യമില്ലാതായിരിക്കുകയാണ്. ഇക്കാര്യം പരിശോധിച്ച് മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉപയോഗിച്ച് വന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത്, ചെലവഴിക്കാത്ത തുകകൾ പ്രസ്തുത അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ആയവ ട്രഷറിയിൽ നിന്നും പിൻവലിച്ച് സഞ്ചിത നിധിയിലേയ്ക്ക് അടവാക്കുവാൻ ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

3) നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാർ നിർദ്ദേശപ്രകാരമുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. മറ്റ് അപാകതകൾ

G.O.(P) No.177/2006 തി.12-04-2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക് സൂക്ഷിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണഉദ്യോഗസ്ഥൻ വി.ഇ.ഒ. നാളിതുവരെ ഇതുപ്രകാരമുള്ള(form-7.A) കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ധനവിനിയോഗവിവരങ്ങൾ രേഖപ്പെടുത്തുന്നതിനുപയോഗിക്കുന്ന ചെക്ക് ഇഷ്യു രജിസ്റ്റർ എഴുതി സൂക്ഷിക്ഷിച്ചിട്ടില്ല. ഫാറം 7.എ കാഷ് ബുക്കിന് പകരമായി നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ രജിസ്റ്ററിൽ ഓഡിറ്റ് വർഷത്തെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടങ്കിലും, 2017-18 വർഷത്തെ വരവ് ചെലവ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന മേൽ രജിസ്റ്ററിൽ അവസാനം രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളത് 31.03.17നാണ്. പ്രസ്തുത ദിവസത്തെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 3,03,178 രൂപയെന്നാണ്. എന്നാൽ ഇതേ ദിവസം നിർവ്വഹണ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കയിരിപ്പ് 91,055.25 രൂപയുമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തി റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല, കൂടാതെ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുക ഏതൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് 2016-17വർഷത്തെ കാഷ് ബുക്ക് നിർദ്ദിഷ്ട മാതൃകയിൽ എഴുതി മാസാന്ത്യ-വർഷാന്ത്യ ക്ലോസിങ് നടത്തി ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തൽ നടത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതി നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ യാതൊരു തുകയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല എന്നുള്ള മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം കർശനമായി പാലിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച് ഒരുമാസത്തിലുമധികമായി ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകകൾ ഉണ്ടങ്കിൽ എത്രയും വേഗം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ട്രഷറി മുഖാന്തിരം ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുകയുടെ ചെലവു വിവരം ചേർത്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| തീയ്യതി | പ്രോജക്ട് | തുക |
|---|---|---|
| 28-02-17 | 185/17 | 8,00,000 |
| 09-03-17 | 217/17 | 50,425 |
| 17-03-17 | 280/17 | 10,00,000 |
| 21-03-17 | 94/17 | 1,25,000 |
| 23-03-17 | 202/17 | 1,50,000 |

| | | |
|---|---|---|
| 23-03-17 | 278/17 | 50,000 |
| 23-03-17 | 51/17 | 1,50,000 |

ഓരോ ബിൽ പ്രകാരം പിൻവലിച്ച തുകകൾ ഏങ്ങനെ ചെലവഴിച്ചു എന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 3-21 ജലനിധി പദ്ധതി

2013-14 വർഷമാണ് ജലനിധി പദ്ധതി ആരംഭിച്ചത്. ആരംഭത്തിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് (Water Supply Scheme) പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പഞ്ചായത്തിലെ ജല ദൗർലഭ്യം കൂടിയ സ്ഥലങ്ങളിൽ ജലസ്രോതസ്സുകൾ നിർമ്മിച്ച്, അതിന് സമീപമുള്ള ബെനഫിഷ്യറി ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് എത്തിക്കുക, ജലസ്രോതസ്സിന്റെ പരിപുഷ്ടി നിലനിർത്തുവാനുതകുന്ന കിണർ റീചാർജ്ജ് സംവിധാനങ്ങൾ,ചെക്ക് ഡാമുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തികളാണ് പദ്ധതിയനുസരിച്ച് നടപ്പിലാക്കിയിരുന്നത്. ഇതനുസരിച്ച് 7.4 കോടി രൂപ അടങ്കൽ നിശ്ചയിച്ച് തുടങ്ങിയ പദ്ധതി 2016മാർച്ചിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. പിന്നീട് ശുചിത്വ പരിപാടികൾ (Sanitation) കൂടി ഏറ്റെടുത്തതോടെ (Toilet for Schools, Anganwady, Pay& Use toilet at selected Places, O.D.F.) പദ്ധതി അടങ്കൽ 8.59 കോടിയായി മാറുകയും,പൂർത്തീകരണ കാലയളവ് നീളുകയും ചെയ്തു.

പദ്ധതി പ്രകാരം നിർമ്മിച്ച, 27 ജലവിതരണ പദ്ധതികളിൽ, കിണറുകൾ, കുഴൽ കിണറുകൾ, മഴവെള്ള സംഭരണി എന്നിവ ഉൾപ്പെടുന്നു. രണ്ട് സ്രോതസ്സുകളിൽ വെള്ളമില്ലാതായതോടെ, അവിടെ പുതിയ കിണറുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു (@അമലഗിരി, കുഴിങ്ങാട്).

പദ്ധതിക്ക് നൽകിയ പഞ്ചായത്ത് വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | തുക (₹) |
|---|---|---|
| 1 | 2013-14 | 41,00,000 |
| 2 | 2014-15 | 47,94,728 |
| 3 | 2015-16 | 14,22,000 |
| 4 | 2016-17 | 8,00,000 |
| ആകെ | | 1,11,16,728 |

നിലവിൽ, 31.03.2017 വരെ പദ്ധതിയുടെ ചെലവ് ₹ 7,89,95,379/- രൂപയാണ്.പദ്ധതി പ്രകാരമുള്ള അവശേഷിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പരപ്പ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,62,368 | ക്ഷീരോൽപാദകർക്ക് സബ്സിഡി (പ്രൊ.നം.188/17) | 2,62,368 | -0- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| വൈദ്യുതിബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതംനൽകൽ (പ്രൊ.നം.280/17) | 23/17-03-17<br>29/27-03-17<br>30/27-03-17 | 21,96,582 | 21,96,582 | 0 |
| വൈദ്യുതിബോർഡ് | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം.282/17) | 69/31-03-17 | 3,77,250 | 0 | 3,77,250 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(R.t.).നം. 453/10ത.സ്വ.ഭ.വ. തി. 09-02-10 | 1,61,77,500 | 48,33,806 | 10,72,518 | - | 37,61,288 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,52,535 രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | 3-8 | 3,565 | ജനോവ, അസി. എഞ്ചിനിയർ | 11601103579/13-01.17 |
| 2015-16 | 2(3)(a) | 1,13,820 | അസീസ് .വി.കെ. | 11601500013/25-01.17 |
| 2015-16 | 2(3)b | 1,35,150 | പ്രിൻസ് വർക്കി | 11601500012/25-01.17 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,34,47,840 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,24,91,484 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹72,450 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹30,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹32,96,748 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-7(a) | 56,350 (2017-18) | - | ശ്രീ.രാജേഷ്.ബി, അസി.എഞ്ചിനിയർ |
| 2-7(b) | 16,100 | - | ശ്രീ.രാജേഷ്.ബി, അസി.എഞ്ചിനിയർ |
| 3-15 | - | ₹30,000 | ശ്രീ.രാജു.കെ.എസ്. വി.ഇ.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹14,02,101 | ശ്രീ.എൻ.എ.ജയരാജൻ, സെക്രട്ടറി. |
| 3-8 | ₹3,18,459 | ശ്രീമതി ഹൃദ്യ പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-11 | ₹3,51,188 | ശ്രീമതി മാധവി, ഐ.സി.ഡി.എസ് സൂപ്പർവൈസർ. |
| 3-16 | ₹12,00,000 | ശ്രീ.രാജു.കെ.എസ്,വി.ഇ.ഒ. |
| 3-17 | ₹25,000 | ശ്രീ.രാജു.കെ.എസ്,വി.ഇ.ഒ. |
| ആകെ | ₹32,96,748 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-(3) ₹ 2,252 ആദായനികുതി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്.ബി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ബളാൽ ഗ്രാമ പഞ്ചായത്ത് | പാറപെരുതടി (വീട്), ഇരിയ, ഇരിയ പി.ഒ. പിൻ.671531 |
| ശ്രീ.രാജു.കെ.എസ്, വി.ഇ.ഒ. | വി.ഇ.ഒ, ബളാൽ ഗ്രാമ പഞ്ചായത്ത് | കുപ്പത്താനത്ത് വീട്, കനകപ്പള്ളി .പി.ഒ, പരപ്പ വഴി, കാസറഗോഡ് ജില്ല , പിൻ.671533 |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ.എഫ്.സി.10/1968/82 dt.02-11-1982 | 1 |
| 1981-82 | എൽ.എഫ്.സി.8/1627/86 dt.05-11-1986 | 1 |
| 1982-83 | എൽ.എഫ്.സി.8/1115/88 dt.09-12-1988 | ഇല്ല |
| 1983-84 | എൽ.എഫ്.സി.7/306/89 dt.26-06-1989 | ഇല്ല |
| 1984-85 | എൽ.എഫ്.സി.7/319/90 dt.31-08-1990 | 4 |
| 1987-88 to1989-90 | എൽ.എഫ്.കെ.എസ്.ഡി.4/140/98 dt.19-03-1999 | 6 |
| 1990-91<br>1991-92 | എൽ.എഫ്.കെ.എസ്.ഡി.2/98/ dt. 04-05-1999 | 1 |
| 1992-93 to1995-96 | എൽ.എഫ്.കെ.എസ്.ഡി.5/148/00 dt. 29-04-2000 | 1 |
| 1996-97<br>(ചെലവ്) | എൽ.എഫ്.കെ.എസ്.ഡി.5/272/98 dt .07-01-2002 | 1 |

| | | |
|---|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.കെ.എസ്.ഡി.5/95/02 Dt. 08.01.2013 | 6 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.3/644/08 dt. 20-04-2009 | 6 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി.3/645/08 dt. 20-04-2009 | 6 |
| 2000-2001 | എൽ.എഫ്.കെ.എസ്.ഡി.3/646/08 dt.10-12-2008 | 12 |
| 2001-2002 | എൽ.എഫ്.കെ.എസ്.ഡി.3/719/09 dt. 20-05-2010 | 3 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/730/09 dt. 20-05-2010 | 1 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/731/09 dt.31-05-2010 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.3/732/09 dt.10-05-2010 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.6/176/11 dt.13-12-2011 | 8 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി. 6/177/11 dt.13-12-2011 | 6 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി. 6/689/11 dt.13-12-11 | 5 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി. 6-/646/11 dt.13-12-2011 | 8 |
| 2009-10 2010-11 | എൽ.എഫ്.കെ.എസ്.ഡി.3/596/11 dt. 04-05-2013 | 8 |
| 2011-12 2012-13 | എൽ.എഫ്.കെ.എസ്.ഡി.7/512/14 dt.14-01-2015 | 25 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.7/485/14 dt.07.09.2015 | 22 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.10/795/16 dt.29.07.2016 | 15 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി.10/61/17 dt.22.05.2017 | 33 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-10/1023/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

E-mail:- doksd.ksad@kerala.gov.in
Phone: 0499 4256690.

തീയതി.25.09.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

No. KSA-KSD/10/1023/2017

Kerala State Audit Department,
District Audit Office,Kasaragod – 671123.
E-mail:- doksd.ksad@kerala.gov.in
Dated:25.09.2017.

## AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Balal Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Balal Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
District Audit Office, Kasaragod.